# ആശൂറാഅ്

## ഹദീസ് ശരീഫ്

❁ - അബൂഹുറയ്റ رضي الله عنه വിൽ നിന്ന്: റസൂൽ (ﷺ) പറഞ്ഞു: "മുഹർറമാസത്തിലെ നോമ്പാണ് റമളാന് ശേഷം നോമ്പുകളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായത്. അത്പ്രകാരം തന്നെ രാത്രിയിലെ നമസ്കാരമാണ് നിർബന്ധ നമസ്കാരങ്ങൾക്ക് ശേഷം ഏറ്റവും ഉത്തമമായത്." (സ്വഹീഹ് മുസ്ലിം)

❁ - റുബയ്യിഅ് رضي الله عنها പറയുന്നു: "നോമ്പില്ലാത്തവനായിക്കൊണ്ട് ഒരാൾ പ്രഭാതത്തിൽ എഴുന്നേറ്റാൽ അവൻ അന്ന് നോമ്പുകാരനായിക്കൊണ്ട് ദിവസം പൂർത്തിയാക്കട്ടെ. നോമ്പുകാരനായിക്കൊണ്ട് വല്ലവനും പ്രഭാതത്തിൽ എഴുന്നേറ്റാൽ അവൻ ആ നില തുടർന്ന് പോവുകയും ചെയ്യട്ടെ എന്ന് വിളിച്ചു പറയുവാനായി, ആശൂറാഅ് ദിവസം രാവിലെ അൻസാരികളുടെ ഗ്രാമങ്ങളിലേക്ക് തിരുമേനി (ﷺ) ഒരാളെ അയച്ചു. അതിന് ശേഷം 'ആശൂറാഅ്' നോമ്പ് ഞങ്ങൾ പിടിക്കുകയും ഞങ്ങളുടെ കുട്ടികളെക്കൊണ്ട് പിടിപ്പിക്കുകയും ചെയ്യാറുണ്ടായിരുന്നു. അവർക്ക് രോമം കൊണ്ട് കളിപ്പാട്ടങ്ങളുണ്ടാക്കിക്കൊടുക്കും; വല്ല കുട്ടിയും ഭക്ഷണത്തിനു കരഞ്ഞാൽ നോമ്പ് മുറിക്കാൻ സമയമാവുന്നതുവരെ കളിപ്പാട്ടങ്ങൾ കൊടുത്തു ഞങ്ങളവരെ കളിപ്പിക്കും." (സ്വഹീഹുൽ ബുഖാരി) ②

❁ - ഇബ്നു അബ്ബാസ് رضي الله عنهما പറയുന്നു: തിരുമേനി (ﷺ) മദീനയിൽ ചെന്നപ്പോൾ ആശൂറാഅ് ദിവസം ജൂതന്മാർ നോമ്പ് നോല്ക്കുന്നത് കണ്ടു. 'ഇതെന്താണെന്ന്' തിരുമേനി (ﷺ) അന്വേഷിച്ചു. "ഒരു ഉൽകൃഷ്ട ദിവസമാണിന്ന്; അല്ലാഹു ഇസ്രാഈല്യരെ അവരുടെ ശത്രുക്കളിൽ നിന്ന് രക്ഷിച്ചത് ഈ ദിവസമാണ്; മൂസാ (عليه السلام) ഈ ദിവസം നോമ്പ് നോറ്റിട്ടുണ്ട്" എന്നവർ പറഞ്ഞു. "എങ്കിൽ മൂസായോട് നിങ്ങളെക്കാൾ ബന്ധമുള്ളത് എനിക്കാണ്" എന്നരുളിക്കൊണ്ട് അവിടുന്ന് നോമ്പ് നോല്ക്കുകയും അനുചരന്മാരോട് അത് കല്പിക്കുകയും ചെയ്തു. (സ്വഹീഹുൽ ബുഖാരി)

❁ - ഇബ്നു അബ്ബാസ് رضي الله عنهما യിൽ നിന്ന്: റസൂൽ (ﷺ) 'ആശൂറാഅ്' നോമ്പ് അനുഷ്ഠിക്കുകയും അത് അനുഷ്ഠിക്കാൻ അനുയായികളോട് കല്പിക്കുകയും ചെയ്തിരുന്നു. (ബുഖാരി' യും മുസ്ലിം' ഉം രിവായത്ത് ചെയ്തത്)

❁ - അബൂഖതാദ رضي الله عنه വിൽ നിന്ന്: 'ആശൂറാഅ്' നോമ്പിനെ സംബന്ധിച്ച് ഒരിക്കൽ റസൂൽ (ﷺ) ചോദിക്കപ്പെട്ടു: അവിടുന്ന് മറുപടി പറഞ്ഞു: "കഴിഞ്ഞുപോയ ഒരു കൊല്ലത്തെ (ചെറിയ) പാപങ്ങളെ അത് പൊറുപ്പിക്കും." (സ്വഹീഹ് മുസ്ലിം)

❁ - ഇബ്നു അബ്ബാസ് رضي الله عنهما യിൽ നിന്ന്: റസൂൽ (ﷺ) പറഞ്ഞു: "അടുത്ത വർഷം ഞാൻ ജീവിച്ചിരിക്കുന്നപക്ഷം മുഹർറത്തിലെ ഒമ്പതാമത്തെ നോമ്പും ഞാൻ നോല്ക്കുന്നതാണ്." (സ്വഹീഹ് മുസ്ലിം) ③

## കുറിപ്പ്

② കളിപ്പാട്ടം വിശപ്പിനെ മറക്കാൻ പര്യാപ്തമാക്കുന്ന കുട്ടികളുടെ പ്രായം സങ്കല്പിച്ചു നോക്കുക സഹാബി വര്യന്മാരുടെ അത്തരം പ്രായത്തിലുള്ള കുട്ടികളും 'ആശൂറാഅ്' നോമ്പ് നോറ്റിരുന്നു.

③ മുഹർറം ഒമ്പത്, പത്ത് ദിവസങ്ങളിലെ നോമ്പ് പ്രബലമായ സുന്നത്താണ്. 'ആശൂറാഅ്' നബി (ﷺ) അനുഷ്ഠിക്കുകയും 'താസൂആഅ്' അനുഷ്ഠിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

All texts are authenticated by Coop. Office for Call & Guidance Ind. City Br., Jeddah, KSA
- Sameer Kovakutty, Jeddah, Saudi Arabia